## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3790 — 20-10-2016 -ൽ മറുപടിക്ക്

## അപകടത്തിൽപ്പെടുന്നവർക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതി ദുരന്തത്തിൽ അപകടത്തിൽ പ്പെടുന്നവർക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ചെങ്ങന്നൂർ താലൂക്കിൽ തെങ്ങ് വീണ് ഗുരുതരമായി ആശുപത്രിയിൽ കഴിയുന്ന ആളിന് ധനസഹായം നൽകുന്നതിന് പുലിയൂർ വില്ലേജ് ആഫീസർ യഥാസമയം റിപ്പോർട്ട് സമർപ്പിച്ചിട്ടും, റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന് കഴിയാത്തതിന്റെ കാരണം വിശദീകരിക്കുമോ; | ബി) & സി) | പ്രകൃതിക്ഷോഭത്തിൽ പരിക്കേറ്റയാളുടെ ശാരീരിക വൈകല്യത്തിന്റെ ശതമാനം സൂചിപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം യഥാസമയം ഹാജരാക്കാഞ്ഞതിനാലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആശ്വാസ ധനസഹായത്തിന് സർക്കാറിലേക്ക് ശുപാർശ നൽകാൻ ജില്ലാകളക്ടർക്ക് കഴിയാതിരുന്നത്. 30/09/2016-ൽ ലഭിച്ചിട്ടുള്ള അപേക്ഷ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നുവെന്നും ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാറിൽ ലഭിക്കുന്ന മുറയ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | ഈ ആളിന് എന്ന് സഹായം ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ